A1/242/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള കാർട്ടൂൺ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും തുക അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.175/2024/CLAD തീയതി,തിരുവനന്തപുരം, 21-03-2024

---

പരാമർശം:-
1. കാർട്ടൂൺ അക്കാദമി സെക്രട്ടറിയുടെ 13.12.2023 തീയതിയിലെ അപേക്ഷ.
2. സാംസ്കാരികവകുപ്പ് ഡയറക്ടറുടെ 02.03.2024 തീയതിയിലെ എ2-118/23/സാം.വ നമ്പർ കത്ത്.

**ഉത്തരവ്**

കേരള കാർട്ടൂൺ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം, സാംസ്കാരിക വകുപ്പധ്യക്ഷൻ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചിയിൽ പ്രവർത്തിക്കുന്ന കാർട്ടൂൺ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷം "2205-00-102-77-08 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള 10,00,000/- രൂപയിൽ നിന്നും 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും കാർട്ടൂൺ അക്കാദമി സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള കാർട്ടൂൺ അക്കാദമി, കൊച്ചി
ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2566017 EDN-C5/129/2023-FIN dated 19.03.2024)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 22-03-2024 11:35:46